# Rolls-Royce Motor Cars
Media Information

## ഡ്രോപ് ഹെഡ് ആഡംബരത്തിൽ വിട്ടുവീഴ്ചയില്ലാതെ റോൾസ് റോയ്സ് ഡോൺ

8 സെപ്തംബർ 2015, ഗുഡ്‌വുഡ്

*"ഞങ്ങളുടെ പുതിയ റോൾസ് റോയ്സ് ഡോൺ വാഗ്ദാനം ചെയ്യുന്നത് ശ്രദ്ധേയവും ആകർഷകവും അതേസമയം മറ്റൊരു റോൾസ് റോയ്സിനും നാളിതുവരെ നൽകാൻ കഴിയാത്തതുമായ കൂടിക്കാഴ്ചയാണ്. ഓപ്പൺ ടോപ്പ്, ആഡംബര മോട്ടോറിങ്ങിന്റെ പുതിയ യുഗമാണ് ഇവിടെ പിറക്കുന്നത്. ഒരു തരത്തിലും വിട്ടുവീഴ്ചയില്ലാത്ത ഓപ്പൺ ടോപ്പ് മോട്ടോറിങ് അനുഭവം വാഗ്ദാനം ചെയ്യുന്ന മനോഹരമായ പുതിയ കാറാണ് ഡോൺ. ലോകത്തിലെ ഏറ്റവും മികച്ച സോഷ്യൽ ഹോട്ട്സ്പോട്ടുകളിൽ സൂര്യപ്രകാശത്തിൽ കുളിക്കുന്നതിനാഗ്രഹിക്കുന്നവർക്കായുള്ള ഏറ്റവും മികച്ച സൂപ്പർ ലക്ഷ്വറി ഡ്രോപ്ഹെഡ് മോട്ടോർ കാറായിരിക്കും ഇത്."*

*ലളിതമായി പറഞ്ഞാൽ, ഇതുവരെ നിർമിച്ചതിൽ വച്ചേറ്റവും സെക്സിയായ റോൾസ് റോയ്സ്.*

*ഓരോ ദിവസവും കാത്തുവച്ചിരിക്കുന്ന പുതുമയാർന്ന പ്രതീക്ഷകളെ, ഉണർവിനെ, വികാരങ്ങളെ, സൂര്യപ്രകാശത്തെ – ഇവയെല്ലാമാണ് ഡോൺ ഉദാത്തമായി പ്രതിനിധാനം ചെയ്യുന്നത്. അനിശ്ചിതവും അവ്യക്തവും പ്രതീക്ഷിതവുമായ അവസ്ഥയിൽ, രാത്രിയുടെ മൂടുപടത്തിൽ നിന്നും പ്രകാശത്തിലേക്കുള്ള ചുവടുവയ്പാണീ പ്രഭാതം. ഇന്ദ്രിയങ്ങളിലേക്കും ആവേശങ്ങളിലേക്കുമുള്ള ഉണർവാണ് ആ പുലർകാല കുളിരിന്റേതായ രതിസ്പർശം ദിനം തുടങ്ങുമ്പോൾ നൽകുന്നത്.*

*എലിനോർ തോർണ്ടനെ പോലെ, നിരവധി പേരുടെ മനനമാകാം നിർവൃതിയുടെ ആത്മാംശം, അവകാശികളെ ഓരോ പ്രഭാതത്തിലും എന്തും സാധ്യമാണെന്ന് വിശ്വസിപ്പിക്കുന്ന മനോവ്യാപാരത്തിന് പ്രാപ്തമാണ് റോൾസ് റോയ്ഡ് ഡോൺ.*

**ടോർസ്റ്റൻ മുള്ളർ – ഓയിറ്റ്‌വോസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, റോൾസ്–റോയ്സ് മോട്ടോർ കാർസ്**

## ആമുഖം

## "...പൂർണമികവില്ലാത്തവയെ, അല്ലെങ്കിൽ ഒരുവിധം കൊള്ളാവുന്നവയെ നിരാകരിക്കുക"

വിട്ടുവീഴ്ചയെന്ന പദം റോൾസ്–റോയ്സിന്റെ നിഘണ്ടുവിലില്ല. സഹസ്ഥാപകനായ സർ ഹെന്റി റോയ്സിന്റെ ആപ്തവാക്യം – "നിങ്ങൾ ചെയ്യുന്നതിലെല്ലാം പൂർണത, ഏറ്റവും മികച്ചതിൽ നിന്നും കൂടുതൽ മികച്ചതിന്റെ സൃഷ്ടി. അത് നിലവിലില്ലെങ്കിൽ ആവിഷ്കരിക്കുക. ഒരുവിധം കൊള്ളാവുന്നവ, അല്ലെങ്കിൽ പൂർണമികവില്ലാത്തവ നിരാകരിക്കുക." പാലിച്ചാണ് കമ്പനിയുടെ പ്രവർത്തനം.

ഈ ആപ്തവാക്യത്തിന്റെ ആദ്യഭാഗം – "നിങ്ങൾ ചെയ്യുന്നതിലെല്ലാം പൂർണത" – ഇതാണ് പുതിയ കാറിന്റെ സൃഷ്ടിയിൽ കമ്പനിയുടെ ഓരോ പ്രവർത്തനത്തിലും മാർഗനിർദേശമാകുന്നത്. രണ്ടാംഭാഗം – "ഏറ്റവും മികച്ചതിൽ നിന്നും കൂടുതൽ മികച്ചതിന്റെ സൃഷ്ടി" – 2012ലും 2014ലും ഫാന്റം സീരീസ് കക, ഗോസ്റ്റ് ശ്രേണികൾ നവീകരിച്ചപ്പോഴുണ്ടായ വിജയത്തിൽ ഇത് തീർത്തും വ്യക്തമാണ്. മാന്യതയുടെ പ്രതിരൂപമായ ഗ്രാൻടൂറിസ്മോ വീണ്ടും ലോകവേദിയിലേക്ക് തിരിച്ചെത്തിക്കാൻ സമയമായെന്ന് റോൾസ് – റോയ്സ് തീരുമാനിച്ചപ്പോൾ സർ ഹെന്റിയുടെ ആപ്തവാക്യത്തിന്റെ മൂന്നാംഭാഗമാണ് പ്രചോദനമേകിയത്: "നിലവിലില്ലെങ്കിൽ ആവിഷ്കരിക്കുക." വ്രെയ്ത് ജനിച്ചത് അങ്ങനെയാണ്.

ഇതാ ഇപ്പോൾ, ആപ്തവാക്യത്തിന്റെ അന്തിമഭാഗമാണ് പുതുയുഗത്തിനായി ഓപ്പൺ ടോപ്പ്, സൂപ്പർ ലക്ഷ്വറി മോട്ടോറിങ്ങിനായുള്ള രൂപകൽപ്പനയിൽ റോൾസ് – റോയ്സ് ഡിസൈൻ, എഞ്ചിനീയറിങ് സംഘങ്ങൾക്ക് മാർഗനിർദേശകമായത്. വാഹനപരമായി ഏറ്റവുമധികം വിട്ടുവീഴ്ച നടമാടുന്ന ഈ വിഭാഗത്തിൽ – 2+2 സീറ്റ് കോൺഫിഗറേഷനായി – റോൾസ് റോയ്സ് തിരഞ്ഞെടുത്തത് "ഒരു വിധം കൊള്ളാവുന്നവ, അല്ലെങ്കിൽ പൂർണമികവില്ലാത്തവ നിരാകരിക്കുക" എന്ന നിർദേശകതത്വമാണ്.

അങ്ങനെ പുതിയ റോൾസ് – റോയ്സ് ഡോൺ, ലോകത്തിലെ ഏക പരിപൂർണമായ ആധുനിക ഫോർ – സീറ്റർ സൂപ്പർ – ലക്ഷ്വറി ഡ്രോപ്ഹെഡ് അവതരിച്ചിരിക്കുന്നു.

## "പ്രഭാതത്തിന് തൊട്ടുമുമ്പ് എപ്പോഴും കൂരിരുട്ടാണ്"

ഇംഗ്ലീഷ് പുന:സ്ഥാപന കാലഘട്ടത്തിലെ ഉപദേശകനായ തോമസ് ഫുള്ളറുടെ – "പ്രഭാതത്തിന് തൊട്ടുമുമ്പ് എപ്പോഴും കൂരിരുട്ടാണ്" എന്ന വാക്യം ഏറ്റവും വെല്ലുവിളിയാർന്ന കാലങ്ങളിൽ, പ്രതീക്ഷയുടെ ദീപപ്രകാശമാണ് പ്രതിഫലിപ്പിക്കുന്നത്. ഭൂത, പ്രേത, യക്ഷി നിഴൽ രൂപങ്ങൾ സങ്കൽപ്പിക്കപ്പെടുന്ന ഈ പുലർകാലാന്ധകാരം, ഭീതിദ ഭാവനകൾ വിളയാടുന്ന സമയം, പൊടുന്നനെ പുലർകാല പ്രഭാതരശ്മികളുടെ ഊർജ പ്രവാഹത്തിൽ തുടച്ചുമാറ്റപ്പെടുകയും പുതിയ പ്രഭാതത്തിലേക്കും പുതുദിനത്തിന്റെ അനന്തസാധ്യതകളിലേക്ക് ഉണർത്തുകയുമാണ്.

ദീർഘയുദ്ധത്തെ തുടർന്നുള്ള സാമ്പത്തികമാന്ദ്യത്തിൽ നിന്നും ലോകം മോചിതമായി വരുമ്പോൾ 1952ൽ ഇതായിരുന്നു അവസ്ഥ. ലോകത്തിലെ ആദ്യത്തെ യാത്രാജെറ്റ് ബ്രിട്ടീഷ് ഡി ഹാവിലൻഡ്, കോമെറ്റിന്റെ ആദ്യത്തെ വാണിജ്യപറക്കൽ, പ്രപഞ്ചസൃ

ഷ്ടിക്ക് നിദാനമായ മഹാവിസ്ഫോടന സിദ്ധാന്തം ഉദ്ഘോഷിക്കപ്പെട്ടത്, എലിസബത്ത് 2 ബ്രിട്ടീഷ് രാജ്ഞിയായി അവരോധിക്കപ്പെട്ടത് – ഇവയെല്ലാം അരങ്ങേറിയ ആ വർഷം ലോകം പ്രതീക്ഷാനിർഭരമായി ഭാവിയിലേക്കുറ്റു നോക്കുകയായിരുന്നു.

അതേവർഷമാണ്, ഇപ്പോഴത്തെ പുതിയ റോൾസ് – റോയ്സ് ഡോണിന് പ്രചോദനമേകിയ യഥാർത്ഥ റോൾസ് – റോയ്സ് സിൽവർ ജോൺ ഡ്രോപ്പ്ഹെഡ്, റോൾസ്–റോയ്സ് കോച്ച് ബിൽഡേഴ്സ് പാർക്ക് വാർഡിൽ പൂർത്തീകരിച്ചത്. കാനഡയിലെ ഡബ്ല്യു.എ. ഫിലിപ്സിനാണ് ആദ്യ കാർ കൈമാറിയത്.

റോൾസ് – റോയ്സിനെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ തുടക്കമായിരുന്നു. ഫാക്ടറി നിർമിത ബോഡിയുമായി പുറത്തിറങ്ങിയ ആദ്യത്തെ റോൾസ് – റോയ്സായിരുന്നു സിൽവർ ഡോൺ. അതേസമയം വ്യക്തിഗത ഉപഭോക്താക്കൾക്കായി സിൽവർ ഡോൺ എന്ന പേരിൽ കോച്ച് ബിൽറ്റ് ഡ്രോപ് ഹെഡ് റോൾസ് – റോയിസുകൾ നിർമിക്കുന്നത് തുടരുകയും ചെയ്തു – തനത് സ്വഭാവവും അപൂർവതകളും നിലനിർത്തിക്കൊണ്ട്. ആ കാലത്തിന്റെ ശുഭാപ്തി വിശ്വാസം ഉൾക്കൊള്ളുന്ന കാറുകൾ, പ്രത്യേകിച്ചും നാം ജീവിതം വീണ്ടും ആസ്വദിക്കാൻ, ആഡംബരത്തിലും സമൃദ്ധിയിലും തുടിക്കാൻ തുടങ്ങിയപ്പോൾ.

പ്രശസ്തവും അപൂർവവുമായ റോൾസ് – റോയ്സ് നാമം 1950നും 1954നുമിടയിൽ 28 സവിശേഷ ഡ്രോപ്പ്ഹെഡുകൾക്ക് മാത്രമാണ് നൽകിയിട്ടുള്ളത്.

റോൾസ് റോയ്സിന്റെ പുതിയ ഡോൺ സിൽവർ ഡോണിൽ നിന്നും പ്രചോദിതമായാണ് ലോകത്തിലെ ആദ്യത്തെ സൂപ്പർ – ലക്ഷ്വറി മോട്ടോറിങ് അനുഭവം സമ്മാനിക്കുന്നത്. 2015ൽ സൂപ്പർ – ലക്ഷ്വറി ഫോർ – സീറ്റർ കൺവെർട്ടിബ്ൾ മോട്ടോർ കാർ എങ്ങനെയായിരിക്കണമെന്നതിന്റെ പ്രതീകമാണിത്. അപൂർവവും ആധുനികവുമായ ഏറ്റവും സോഷ്യൽ സൂപ്പർ – ലക്ഷ്വറി കാർ.

1952ലെ സിൽവർ ഡോൺ ഡ്രോപ്പ്ഹെഡിനെ പോലെ, പുതിയ റോൾസ് – റോയ്സ് ഡോണും ഇതിന്റെ മറ്റ് സഹചാരികളിൽ നിന്നും വേറിട്ടു നിൽക്കുന്നു, 80% തനത് ബോഡി പാനലുകളുമായി. ഈ പുതിയ വിസ്മയകരമായ ഡോൺ, സൂപ്പർ ലക്ഷ്വറി മോട്ടോറിങ് യാഥാർത്ഥ്യമാക്കുന്നെന്ന് ഉറപ്പാക്കുന്നതിനാണ് ഇത്രമാത്രം ശ്രദ്ധ ഇതിൽ ചെലുത്തിയത്. റോൾസ് – റോയ്സിന്റെ ടയറുകളിൽ പോലും ഇതു വ്യക്തമാണ്. റോഡുകളിലൂടെ മാന്ത്രികപ്പരവതാനിക്ക് സമാനമാണ് ഡോൺ ഒഴുകി നീങ്ങുന്നത്. ഗുഡ്‌വുഡിൽ റോൾസ് – റോയ്സ് ഭവനത്തിൽ നിന്നും ഇറങ്ങുന്ന ഓരോ റോൾസ് റോയ്സിൽ നിന്നും പ്രതീക്ഷിക്കുന്നത് പോലെ.

ഡോണിന്റെ റൂഫിന്റെ കാര്യത്തിൽ എഞ്ചിനീയറിങ്ങിലും നിർമാണത്തിലും അതീവശ്രദ്ധയാണ് ചെലുത്തിയിരിക്കുന്നത്. അതും ആധുനിക വാഹന വ്യവസായത്തിൽ നാളിതുവരെ കേൾക്കാത്തത്രയും. 55 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുമ്പോൾ പോലും അതിനിശബ്ദതയിലാണ് കേവലം 20 സെക്കന്റുകളിൽ ഇതിന്റെ പ്രവർത്തനം. നിശ്ചയമായും പറയാം, ഏറ്റവും ശബ്ദരഹിതമായ ഓപ്പൺ ടോപ്പ് കാറാണ് പുതിയ റോൾസ് – റോയ്സ് ഡോൺ.

**രൂപകൽപ്പന**

**“2 + 2 ≠ 4”**

*“റോൾസ് – റോയ്സിന്റെ ലോകത്തിൽ, ദൈനംദിന ഗണിതമാനദണ്ഡങ്ങൾ എപ്പോഴുമില്ല. അതുകൊണ്ടാണ് പുതിയ റോൾസ് – റോയ്സ് ഡോണിനെ സംബന്ധിച്ചിടത്തോളം 2+2 എന്നത് 4 അല്ലെന്ന് ഞാൻ പറയുന്നത്”*

**ഗിൽസ് ടെയ്ലർ, ഡയറക്ടർ ഓഫ് ഡിസൈൻ, റോൾസ് – റോയ്സ് മോട്ടോഴ്സ്**

ഓപ്പൺ – ടോപ്പ് മോട്ടോർ കാർ വിഭാഗത്തെ പഠിക്കുമ്പോൾ, പ്രത്യേകിച്ചും അതിന്റെ ഉന്നത മൂല്യത്തെ കുറിച്ച്, ഉപഭോക്താക്കൾ ഏറെ മാറിയിട്ടില്ലെന്ന് ഡിസൈനർമാർക്ക് വ്യക്തമാകുന്നു. 2+2 ഘടന, റോൾസ് റോയ്സിനെ സംബന്ധിച്ചിടത്തോളം വലിയൊരു വിട്ടുവീഴ്ചയാണ്.

2+2 എന്നത് സാധാരണയായി മുന്നിൽ ഡ്രൈവറും ഒരു യാത്രക്കാരനും ഒപ്പം പിന്നിൽ ഇടയ്ക്കെത്തുന്ന സഹയാത്രികർക്ക് അല്ലെങ്കിൽ കുട്ടികൾക്കായുള്ള രണ്ട് ചെറിയ സീറ്റുകളും ഉൾപ്പെടുന്ന ഘടനയാണ്. ലെഗ് റൂം കണക്കിലെടുക്കുമ്പോൾ പിന്നിലെ ഇടം തീരെ കുറവാണ്. കാറിന്റെ സൗകര്യവും പ്രായോഗിതയും കുറയുമെന്നർത്ഥം. കൺവെർട്ടിബ്ൾ ബോഡി ടൈപ്പിൽ, ഈ സ്ഥലക്കുറവ് പലപ്പോഴും കൺവെർട്ടിബ്ൾ റൂഫ്, ബൂട്ട്, പിൻ യാത്രക്കാരുടെ ഇടം എന്നിവ സമന്വയിപ്പിക്കുന്നതിൽ നിർമാതാക്കൾക്കുള്ള പോരായ്മ മൂലമാണ് സംഭവിക്കുന്നത്. വിട്ടുവീഴ്ചയെന്നും ‘ആന്റി സോഷ്യലെ’ന്നും റോൾസ് – റോയ്സ് കരുതുന്ന ഓപ്പൺ ടോപ്പ് കാറുകളാണ് ഇതിന്റെ ഫലം.

*“റോൾസ് – റോയ്സിൽ ഞങ്ങൾ സ്വയം അഭിമാനിക്കുന്നത് കേവലം കാറുകളുടെ മാത്രമല്ല സാമൂഹ്യഇടങ്ങളുടെ സ്രഷ്ടാക്കൾ എന്ന നിലയിൽ കൂടിയാണ്”* – ടെയ്ലർ പറയുന്നു. *“രണ്ട് മുതിർന്നവർക്ക് മാത്രമുള്ള കാർ എന്നത് ഡോൺ പോലൊരു കാറിന്റെ സൃഷ്ടിയിൽ തികച്ചും പ്രതിലോമകരമാണ്. ഡോണിന്റെ സൃഷ്ടിയിൽ സൗകര്യം, ആഡംബരം എന്നിവയുടെ കാര്യത്തിൽ വിട്ടുവീഴ്ചയില്ല. ആഡംബരപൂർണായി, സ്റ്റൈലിൽ യാത്ര ചെയ്യാൻ നാല് മുതിർന്നവരെ പര്യാപ്തമാക്കുന്ന കാറെന്ന ആശയമാണ് ഡോണിന്റെ സൃഷ്ടിയിലുള്ളത്”.*

**ശ്രദ്ധേയവും ആകർഷകവും**

*“റൂട്ട് നെപ്പോളിയനിൽ അതിസുഗമമായ യാത്ര സമ്മാനിക്കുന്ന റോൾസ് – റോയ്സാണ് ഡോൺ. കോറ്റ് ഡി അസുറിലുള്ള ജീവിതത്തിന് ഏറ്റവും ഉചിതമായ അഞ്ജലി. കാസിനോ ജീവിതശൈലിക്കുള്ള സമകാലീന ഉപഹാരം. ഗർവിഷ്ഠമെന്ന് തോന്നിപ്പിക്കുകയും അതേസമയം സ്വാതന്ത്ര്യവും പരിഷ്കാരവും ആസ്വദിക്കുന്നവരെ ആകർഷിക്കുകയും ചെയ്യുന്നതാണിത്”* – ഡയറക്ടർ ഓഫ് ഡിസൈൻ ഗിൽസ് ടെയ്ലർ പറയുന്നു.

*“വിട്ടുവീഴ്ചയില്ലാതെയാണ് റോൾസ് – റോയ്സ് കാറുകളുടെ സൃഷ്ടി. ഈ സമീപനമാണ് പുതിയ വെല്ലുവിളികൾക്ക് ഓരോ പുതിയ മോട്ടോർ കാറിനെയും പര്യാപ്തമാക്കുന്നത്. പുതിയ റോൾസ് റോയ്സ് ഡോണിനെ സംബന്ധിച്ചിടത്തോളം, റോഡിൽ*

*തുടങ്ങിയ രൂപകൽപ്പനയിൽ നിന്നും ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധേയവും ആകർഷകവുമായ കൂടിക്കാഴ്ചയാണ്"* –– അദ്ദേഹം തുടർന്നു.

ക്ലാസിക് റോൾസ് – റോയ്സ് ദൃശ്യഭംഗിയും സാന്നിധ്യവുമായാണ് പുതിയ റോൾസ് റോയ്സ് ഡോൺ കാഴ്ചക്കാരെ അഭിവാദ്യം ചെയ്യുന്നത്. പ്രസരിപ്പും തിളക്കവുമാർന്ന ഏറ്റവും ആവേശം തുടിക്കുന്ന പുറത്തളഭംഗിയാണ് ഡോണിന്റേത്. ശാന്തവും അതേസമയം ആവേശം തുടിക്കുന്നതുമായ വിട്ടുവീഴ്ചയില്ലാത്ത സ്വാതന്ത്ര്യം.

ആയാസരഹിതവും ആസ്വാദ്യവുമായ അനുഭവത്തിന്റെ പുതിയ തലങ്ങളിലേക്ക്, ആവേശത്തിലേക്ക്, ചലനാത്മകതയിലേക്കാണ് ഡോണിന്റെ പിറവി. അതും സൗകര്യത്തിലും ഇടത്തിലും തെല്ലു പോലും വിട്ടുവീഴ്ചയില്ലാതെ. ചലനാത്മകവും സാമൂഹികവുമായ ഗുണങ്ങളിൽ അധിഷ്ഠിതമായ പുതിയ റോൾസ് – റോയ്സ് വിശാലവും യുവത്വം നിറഞ്ഞതും സാമൂഹ്യാവബോധമുള്ളവരുമായ വിഭാഗത്തെയാണ് ലോകമെമ്പാടുമായി സംബോധന ചെയ്യുന്നത്.

മാധ്യമപ്രവചനങ്ങൾക്ക് വിരുദ്ധമായി പുതിയ റോൾസ് – റോയ്സ് ഡോൺ കേവലമൊരു വ്രെയ്ത് ഡ്രോപ്ഹെഡ് അല്ല. പുറത്തള ബോഡി പാനലുകളുടെ 80 ശതമാനവും പുതുതായി രൂപകൽപ്പന ചെയ്തവയും റോൾസ് – റോയ്സിന്റെ രൂപകൽപ്പന ഭാഷ ഉൾക്കൊള്ളുന്നതിനും അതിസമകാലീനമായി ഫോർ സീറ്റർ സൂപ്പർ ലക്ഷ്വറി നിർമിതി സാധ്യമാക്കുന്നവയുമാണ്.

ലക്ഷ്യം വളരെ വ്യക്തമാണ്. മറ്റ് കാർ നിർമാതാക്കൾക്ക് ഇതുവരെ കഴിയാത്തത് സാധിക്കുക. മേൽക്കൂര ഉയർന്നിരിക്കുമ്പോഴും താണിരിക്കുമ്പോഴും ഒരുപോലെ സൗന്ദര്യമുള്ള കാറിന്റെ നിർമിതി. രൂപകൽപ്പനാസംഘത്തിന്റെ അവിശ്രമപ്രവർത്തനം സമ്മാനിച്ചിരിക്കുന്നത് ഒരേ നിർമിതിയിൽ രണ്ടു കാറുകളാണ്.

**പുറംഭാഗ രൂപകൽപ്പന**
വീലിന്റെയും ബോഡിയുടെയും ഉയരം തമ്മിൽ 2:1 അനുപാതം, നീളമേറിയ ബോണറ്റ്, ഷോർട്ട് ഫ്രണ്ട് ഓവർഹാങ്, ലോങ് റിയർ ഓവർഹാങ്, അന്തസുറ്റ റിയർ ഗ്രാഫിക്, ഹൈ ഷോൾഡർ ലൈൻ എന്നീ കാലപരിധിയില്ലാത്തെ റോൾസ് – റോയ്സ് രൂപകൽപ്പനാതത്വങ്ങൾ ഇതിലും ബാധകമാണ്.

ഈ പാരമ്പര്യമാകട്ടെ അതിമനോഹരവും സമകാലീനവുമായ രൂപകൽപ്പനയിലാണ് സമ്മാനിക്കപ്പെടുന്നത്.

കുതിക്കാനൊരുങ്ങുന്ന കായികതാരത്തെ പോലെ – സന്നദ്ധനായി, കരുത്തോടെയാണ് റോൾസ് – റോയ്സ് ഡോൺ. പ്രതലത്തിൽ അന്തർലീനമായ വേഗവും കരുത്തും പുതിയ പാനലുകളിലൂടെ വർധിതമാകുന്നു. വളവുകൾ നൽകുന്ന പ്രതലമുറുക്കം ശക്തിമത്തായ അതിർരേഖകൾ ഇവയെല്ലാം സൂചിപ്പിക്കുന്നത് ഇതിന് പിന്നിലെന്തെല്ലാമാണെന്നാണ്.

ഡോണിന്റെ ശക്തിമത്തും ശ്രദ്ധേയവുമായ മുന്നറ്റം അതിന് ഐന്ദ്രികവും അതേസമയം മൂർച്ചയേറിയതുമായ പൗരുഷഭാവം നൽകുന്നു. അതേസമയം വ്യക്തവും ഒഴുക്കമാർന്നതുമായ ഷോൾഡർ ലൈൻ അതിനെ, പിൻചക്രങ്ങളിലേക്കൊഴുകുമ്പോൾ കൂടുതൽ ഐന്ദ്രികമാക്കി കൂടുതൽ വിശാലമായ ട്രാക്കിനെ ഉൾക്കൊള്ളിക്കുന്നു. ബോണറ്റിലെ കൂർത്തുപോകുന്ന വേക്ക് ചാനൽ, ഉന്മാദാവേശത്തിന്റെ ചിറകുകളിൽ നിന്നുതിർന്ന് ഒരു ജെറ്റിന്റെ നീരാവിപ്പാതയുടെ കാഴ്ച നൽകുന്നു, കാറിന്റെ ചലനാത്മകത

സൂചിപ്പിച്ചു കൊണ്ട്. ഹൈ ഷോൾഡർ ലെൻ, വലിപ്പമാർന്ന സി – പില്ലർ, തിരശ്ചീനത യിലുള്ള ഇടുങ്ങിയ സൈഡ് വിൻഡോ അപ്പർച്ചർ എന്നിവ വശങ്ങളിൽ നിന്നും മേൽക്കൂര ഉയർത്തിയും കാണുമ്പോൾ നൽകുന്നത് കൈത്തോക്കിന് സമാനമായ കാഴ്ചയാണ്.

മുൻഭാഗത്തെ ഗ്രിൽ 45 മില്ലിമീറ്ററോളം ലോവർ ഫ്രണ്ട് ബമ്പറിൽ പൂഴ്ത്തിയിരിക്കുന്നു. അതേസമയം വ്രെയ്തിനെ അപേക്ഷിച്ച് 53 മില്ലിമീറ്ററോളം നീട്ടിയിട്ടുമുണ്ട്. ജെറ്റ് എയർ ഇൻടേക്ക് ഫേസിലേക്ക് കാഴ്ചയെത്തിക്കാനും നിശ്ചലതയിൽ പോലും കാറിനെ ശ്രദ്ധേയാക്കാനുമാണ് ഇത് ചെയ്തിരിക്കുന്നത്. കാറിന്റെ ടെൻഷൻ പിൻ ഷോൾഡറുകളിലേക്ക് വേഗത്തിലാക്കാനും ഡോണിന്റെ തനതായ അന്തസ് ഊന്നുന്നതിനും സഹായകമാണ് ഈ ഗ്രിൽ രൂപകൽപ്പന.

റോൾസ് – റോയ്സ് കുടുംബത്തിലെ മറ്റ് അംഗങ്ങളിൽ ലംബമാന രേഖകളിലുള്ളതിനേക്കാൾ കാറിന്റെ തിരശ്ചീന രേഖകളിലാണ് ഡോണിന്റെ ഗ്രിൽ, ബമ്പർ ഫോക്കസ്. നമ്പർ പ്ലേറ്റും ലോവർ എയർഡാമും ബമ്പറിലാണ് ഉൾക്കൊള്ളുന്നത്. താഴ്ഭാഗത്തൊങ്ങലുകളിലെ മെഷ് ആഴ്ന്നിരിക്കുന്നതും കറുപ്പ് നിറത്തിലുള്ളതുമാണ്. ആഴങ്ങളുടേതായ ബോധം സൃഷ്ടിക്കുന്നതും ഗ്രിൽ ആഴങ്ങൾക്ക് മാറ്റ് കൂട്ടുന്നതുമാണിത്. തിരശ്ചീനരേഖകൾക്ക് മാറ്റേകുന്നതും കാഴ്ചയുടെ ഒഴുക്ക് കാറിനു ചുറ്റും വേഗമാർജിപ്പിച്ച് കരുത്തിന്റെയും വീതിയുടേയും പ്രതീതി സമ്മാനിക്കുന്നതുമാണ് ക്രോം ബ്ലേഡുകൾ.

സൈഡ് പ്രൊഫൈലിൽ കാറിന്റെ അന്തസാണ് പെട്ടെന്ന് കാഴ്ചയിലെത്തുക. വർത്തുളയും ഷാർപ് സ്ട്രറ്റുകളും മറ്റ് നിർമാതാക്കളുടേത് പോലെ ഡോണിലില്ല. സോഫ്റ്റ് ടോപ്പ് ഷേപ് പൂർണമായും സമന്വയത്തിലും ഏകതാനതയിലുമുള്ളതാണ്. ഇതിനും പുറമെ പുതിയ 21” പോളിഷ്ഡ്, പെയിന്റഡ് 21”, 20” ചക്രങ്ങൾ ഡോണിനെ റോൾസ് – റോയ്സ് ആഡംബരത്തിന്റെ പൂർണതയിലുള്ള സമകാലീന പ്രകാശനമാക്കുന്നു.

കാറിന്റെ പിൻഭാഗം സ്ത്രൈണതയാർന്ന അരഭാഗത്തിൽ നിന്നും വികസിച്ച് കാറിന്റെ പിൻഭാഗത്തേക്ക് മൂർച്ചയിലെത്തുന്നു. ആദ്യകാല ബോട്ട് ടെയ്ൽ റോൾസ് – റോയ്സ് ഡ്രോപ്ഹെഡ് കൂപ്പെകളുടെ അന്തസാർന്ന രൂപകൽപ്പനയെ പ്രതിധ്വനിപ്പിച്ച്, 20–ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലെ മോട്ടോർ അവതരണങ്ങളിൽ നിന്നും പ്രചോദിതമായി.

സോഫ്റ്റ് ടോപ്പിന്റെ സൗമ്യമായ താഴ്ച റോൾസ് – റോയ്സ് ഡോണിനെ പുതിയ പ്രഭാതനിമിഷത്തിലേക്ക് പരിണമിപ്പിക്കുന്നു. മിഡ്നൈറ്റ് സഫയർ പുറത്തളവും മാൻഡാരിൻ ലെതർ അകത്തളവും ചേർന്ന് രാത്രി, പകലായി മാറുന്നു – സൂര്യപ്രകാശം പൊട്ടിച്ചിതറുമ്പോൾ, അകം പുറമായി, സാമൂഹ്യഇടങ്ങളുമായി ചേർന്ന് സാധ്യതകളുടെ വിശാല ലോകം തുറന്ന്.

റൂഫ് താഴ്ത്തുമ്പോൾ, റോൾസ് – റോയ്സ് ഡോണിന്റെ സെക്സിനെസ് കൂടുതൽ വ്യക്തമാണ്. വിൻഡ് സ്ക്രീനിന്റെ സ്റ്റീപ്പ് റേക്കിൽ നിന്നും പിന്നിലേക്ക് ഒഴുകുന്ന സ്വേജ് ലൈനും ഹൈ ബെൽറ്റ് ലൈനും സമ്മാനിക്കുന്നത് ആയാസരഹിതമായ ശീഘ്രത. ഇതേ ബെൽറ്റ്ലൈൻ പിൻ പാസഞ്ചർ കാബിനെ വലയം ചെയ്യുന്നു, ഗളസംരക്ഷണത്തിനുള്ള ജാക്കറ്റ് കോളർ പോലെ.

കാബിന് ചുറ്റുമായുള്ള സ്റ്റെയിൻലസ് സ്റ്റീൽ വെയ്സ്റ്റ് ലൈൻ ഫിനിഷർ സോഫ്റ്റ് ടോപ്പിനെ ഒളിയ്ക്കുന്നു, ഹൈ ലെവൽ ബ്രേക്ക് ലൈറ്റിനെ ഏകോപിപ്പിക്കുന്നു. സ്റ്റെയിൻലെസ് സ്റ്റീൽ ഡോർ ഹാൻഡിലുകൾ, പോളിഷ്ഡ് വീലുകൾ, എക്സ്ഹോ

സ്റ്റുകൾ, ഫ്രണ്ട് – റിയർ ബമ്പർ ജ്വല്ലറി എന്നിവ സമന്വയിച്ച് മൂല്യനിർണയം അസാധ്യമാക്കുന്ന കാഴ്ചയും അനുഭവവുമാണ് സമ്മാനിക്കുന്നത്.

ആധുനിക നിർമാണവൈദഗ്ധ്യത്തിന്റെ ഉജ്വല സൃഷ്ടിയാണ് ഡെക്ക്. ഓപ്പൺ പോർ കാനഡെൽ പാനലിങ്ങിൽ പൊതിഞ്ഞ്, കുതിരലാടാകൃതിയിലുള്ള റിയർ കാബിനെ പിന്തുടർന്ന്, ഇത് വ്യക്തമാക്കുന്നത് അതിമഹത്തായ സൃഷ്ടിവൈദഗ്ധ്യമാണ്. ഗുഡ്‌വുഡിലെ റോൾസ് – റോയ്സ് ഭവനത്തിലെ വുഡ്ഷോപ്പിലെ കലാകാരൻമാരായ വിദഗ്ധർ വുഡ് ക്രാഫ്റ്റിങ് സാങ്കേതികവിദ്യയിൽ കൈവരിച്ചിട്ടുള്ള മുന്നേറ്റം വ്യക്തമാക്കിക്കൊണ്ട്. ഡെക്കിലെ മരം തിരഞ്ഞെടുക്കുന്നത് സ്വന്തം താൽപര്യത്തിനനുസരിച്ച് ഉപഭോക്താവ് തന്നെയാണ്. ഇത് പിൻസീറ്റുകൾക്ക് പിന്നിലേക്ക് വെള്ളച്ചാട്ടം പോലെ, കാബിൻ ക്ലോത്തിങ്ങിനെയും ഇന്റീരിയർ പാനലുകളെയും ചുറ്റിത്തിരിഞ്ഞ് ഡോണിലേക്ക് ഉടമയെ ലയിപ്പിക്കുന്നു.

**ഉൾത്തള രൂപകൽപ്പന**
റോൾസ് – റോയ്സ് ഡ്രോപ്ഹെഡ് തനത് ഫോർമാറ്റിലുള്ളവയാണ് ഡോറുകൾ. ശ്രദ്ധേയവും മനോഹരവുമാണിവ. നീളമേറിയ മുൻചിറകുകളെയും സൗമ്യതയാർന്ന വാഫ്റ്റ് ലൈനിനെയും സമന്വയിപ്പിച്ച് നീളമേറിയ ബോഡി പ്രൊഫൈലും ഒതുക്കമാർന്ന കാബിനുമൊരുക്കിക്കൊണ്ട്.

ക്ലാസിക് സ്പോർട്സ് കാർ പ്രൊഫൈലിനെ അനുസ്മരിപ്പിച്ച് സുഗമമായ പ്രവേശനവും പിന്നിൽ നിന്ന് എളുപ്പത്തിൽ നിന്ന് ഇറങ്ങാൻ സൗകര്യമൊരുക്കുന്നവയുമാണ് ഡോൺ. വെറുതെ പുറത്തേക്കിറങ്ങുകയല്ല, മറിച്ച് റിവ മോട്ടോർ ലോഞ്ചിന് സമാനമായി മൊണോക്കോയിലെയോ ലേക്ക് കോമോയിലെയോ ഗ്ലാമറസ് ജെട്ടിയിലേക്കെന്ന പോലെ എഴുന്നേറ്റു നിന്ന് പുറത്തേക്കിറങ്ങാൻ പ്രാപ്തമാക്കുകയാണ് ഡോൺ.

കേവലം പ്രവേശനത്തിനുപരി മറ്റ് ധർമങ്ങളും നിർവഹിക്കാനുണ്ട് റോൾസ് റോയ്സ് കോച്ച് ഡോറുകൾക്ക്. മൊത്തത്തിനുള്ള കരുത്തിനും കാഠിന്യത്തിനുമൊപ്പം തടസരഹിതമായ എ പില്ലറിന്റെ നിർമിതിയും ഈ ഡോറുകൾ സാധ്യമാക്കുന്നു. മരത്തിന്റെയും ലെതറിന്റെയും സമൃദ്ധിക്ക് മധ്യത്തിൽ നാല് ബക്കറ്റ് സീറ്റുകളാണ് ഡോണിലേക്കുള്ള പ്രവേശത്തിൽ ശ്രദ്ധയിലെത്തുന്നത്. ഡ്രൈവറുടെ എ പോസ്റ്റിൽ നിന്നും കാറിന്റെ പിന്നിലേക്ക്, പിൻസീറ്റുകൾക്ക് ചുറ്റുമായി, പാസഞ്ചർ എ പ്ലിലറിലേക്ക് തിരിച്ചെത്തുന്നതിന് മുമ്പ് ഓടിയെത്തുകയാണ് സ്ലിങ്ഷോട്ട് കൺസപ്റ്റ്.

ഈ സ്ലിങ്ഷോട്ട് ഫോം ഒരു കവണയ്ക്ക് സമാനമാണ്. പിന്നിലേക്ക് വലിച്ച്, ഉന്നമെടുത്ത് കാറിലെ യാത്രക്കാരെ അന്തരീക്ഷത്തിലേക്ക് വിക്ഷേപിക്കാനൊരുങ്ങുന്നതിന് സമാനമായി. അതും നിശ്ചലതയിൽ പോലും. കാറിന്റെ വേഗരൂപത്തിലുള്ള പുറത്തളഭംഗിക്ക് ചേർച്ച നൽകുന്നതാണിത്. അകത്തളം പുറത്തളവുമായി സമന്വയിക്കുന്നു. സുരക്ഷയും സൗകര്യവും ഭംഗിയുമൊരുക്കി.

വ്യക്തിഗതവും ഒതുക്കമാർന്നവയുമാണ് കാർ സീറ്റുകൾ. ഫോർ ഫുൾ സീറ്റർ കാറാണ് ഡോൺ. ഇതിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. ഊർജസമ്പന്നവും, അന്തസാർന്നതുമായ കാറിന്റെ ലക്ഷ്യം വ്യക്തമാക്കുന്നതാണ് ഇവയുടെ രൂപകൽപ്പന. കാറിന്റെ മുകൾ പിൻഭാഗം സീറ്റ് ബെൽറ്റ് ഹാർനെസിനെ ഉൾക്കൊള്ളുന്നു. ഇതും പില്ലർലെസ് ബോഡി വർക്കും മരത്തിന്റെ അല്ലെങ്കിൽ ലതറിന്റെ സ്ലിങ്ഷോട്ടിനെ ഊന്നൽ നൽകി വ്യക്തമാക്കുന്നു. ട്രേ പ്രതലങ്ങളിലെ മരം സെന്റർ കൺസോളിലെ ഷെവ്റോൺ പാറ്റേണുമായി മാച്ച് ചെയ്ത് മുന്നിലേക്ക് ആക്സിലറേറ്റഡ് പ്രതീതി സമ്മാനിക്കുന്നു.

ഇൻസ്ട്രുമെന്റ് ഡയലുകളും ഉദാത്തമായി നവീകരിച്ചവയാണ്. ഡയലുകൾക്ക് ചുറ്റും പോളിഷ്ഡ് മെറ്റൽ ചാപ്ലെറ്റുകൾ നൽകുന്നത് ഹാൻഡ്മേഡ് ലക്ഷ്വറി വാച്ചുകളുടെ അനുഭവമാണ്. ഓരോ ഉപകരണത്തിന്റെയും മധ്യത്തിലുള്ള മാറ്റ് ക്രോം സെന്ററുകളാണ് മറ്റൊരു സവിശേഷത. പുതിയ കാറിന്റെ പേര് വ്യക്തമാക്കുന്ന പുതിയ ക്ലോക്ക് ഡിസൈനും ഇതോടൊപ്പമുണ്ട്.

**എൻജിനീയറിങും ടെക്നോളജിയും**

**നിശബ്ദ ബാലെ**

പുതിയ റൂഫ് തന്നെയാണ് പുതിയ ഡോണിന്റെ എഞ്ചിനീയറിങ് സവിശേഷത. യഥാർത്ഥ റോൾസ് റോയ്സ് ആകുന്നതിന് ഡോണും ആ നിശബ്ദ ഡ്രൈവിങ് അനുഭവം നൽകേണ്ടതുണ്ട്. സൗന്ദര്യസങ്കൽപ്പം കണക്കിലെടുത്ത് ഫാബ്രിക് റൂഫ് തന്നെയാണ് പരിഹാരം. രാത്രിമഴയിൽ തുള്ളികൾ റൂഫിൽ വീഴുന്ന ശബ്ദം ശ്രവിച്ചുള്ള ഡ്രൈവിങിനേക്കാൾ കാൽപ്പനികമായി മറ്റൊന്നില്ല തന്നെ. ഉപഭോക്താക്കൾക്കും ഇതാണാവശ്യമെന്ന് റോൾസ് – റോയ്സ് അവരുമായുള്ള ആശയവിനിമയത്തിലൂടെ തിരിച്ചറിഞ്ഞു.

ഫാബ്രിക് റൂഫ് കോൺഫിഗറേഷനുമായി ലോകത്തിൽ ഏറ്റവും നിശബ്ദമായ കൺവെർട്ടിബ്ൾ കാറെന്ന വെല്ലുവിളിയാർന്ന ലക്ഷ്യം പൂർത്തീകരിക്കാനാണ് റോൾസ് – റോയ്സ് എഞ്ചിനീയറിങ് ടീം ശ്രമിച്ചത്. നിശബ്ദതയ്ക്ക് വേണ്ടിയുള്ള ഈ അന്വേഷണം പുതിയ റൂഫിന്റെ എല്ലാ എഞ്ചിനീയറിങ് മേഖലകളിലേക്കും വ്യാപിപ്പിച്ചു, ഒപ്പം പുതിയ മോട്ടോർ കാറിലേക്കും.

ചലനസമയത്ത് റൂഫ് ഉയർത്തുമ്പോഴും താഴ്ത്തുമ്പോഴുമുള്ള യാത്രക്കാരുടെ ഓൺബോർഡ് ശ്രവ്യാനുഭവം തനി റോൾസ് റോയ്സിന്റേത് തന്നെയാകണമായിരുന്നു. റൂഫ് അതേസമയം ഐശ്വര്യപൂർണവും മനോഹരവും ഐന്ദ്രികവുകാകുകയും അതേ സമയം കൺവെർട്ടിബിൾ കാറിനെ സംബന്ധിച്ചിടത്തോളം ലഭ്യമായതിൽ വച്ചേറ്റവും വലിയ കാനോപ്പിയാകുകയും വേണം.

പിൻഭാഗസീറ്റുകളെയും വിൻഡോ ടോപ്പുകളെയും ഈ കാനോപ്പി എങ്ങനെ വലയം ചെയ്യുന്നു, അതുവഴി കാറിന്റെ റൂഫ്ലൈൻ താഴ്ത്തി, എത്തരത്തിൽ കാറിന്റെ ലോ സ്ലങ് അപ്പിയറൻസിനെ ബാധിക്കുന്നു എന്നതും ശ്രദ്ധേയം. റിയർ ഗ്ലാസുകളുടെ വലിപ്പക്കുറവാണ് മറ്റൊന്ന്. റൂഫ് ഉയർത്തിയുള്ള മോട്ടോറിങിൽ ഒരു സ്വകാര്യ സാങ്ചറിയുടെ അനുഭവം സമ്മാനിച്ച്.

റൂഫ് കേവലം മനോഹരവും ഐന്ദ്രികവും മാത്രമല്ല കാറിന്റെ നിശബ്ദതയ്ക്ക് കൂടി മാറ്റേകുന്നുവെന്ന് ഉറപ്പാക്കാൻ രണ്ട് ടെക്നിക്കുകൾ പ്രയോജനപ്പെടുത്തി. പൂർണമായും സ്മൂത്തായ പ്രതലം, ഫ്രഞ്ച് സീം ടെയ്ലറിങ് എന്നിവ റൂഫ് ഉയർത്തുമ്പോളും സുഗമമായ വായുപ്രവാഹം ഉറപ്പാക്കുകയും ശബ്ദം ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. ഉൾത്തളത്തിലാകട്ടെ റോൾസ് റോയ്സ് വ്രെയ്തിന് സമാനമായി ശബ്ദരഹിതമാണ് ഡോൺ. കൺവെർട്ടിബ്ൾ മോട്ടോറിങിൽ ആദ്യത്തേത്.

രണ്ടാമതായി റൂഫിന്റെ തുറക്കലും അടയ്ക്കലും ഒരേസമയം മനോഹരവും തടസരഹിതവുമാകേണ്ടതുണ്ട്. സൈലന്റ് ബാലെ എന്ന പേരു തന്നെ ഈ മെക്കാനിസത്തിനായി എഞ്ചിനീയറിങ് ടീം കണ്ടുപിടിച്ചു. അതവർ നേടിയെടുക്കുകയും ചെയ്തു.


The Drive, Westhampnett, Chichester, West Sussex PO18 0SH
Telephone +44 (0)1243 384000
www.press.rolls-roycemotorcars.com

22 സെക്കന്റിൽ പൂർണനിശബ്ദതയിൽ പ്രവർത്തിക്കുകയും അതും 50 കിലോമീറ്റർ വരെ വേഗത്തിൽ പോലും സാധ്യമാക്കുകയും ചെയ്യുന്ന സൈലന്റ് ബാലെ പൂർണ നിശബ്ദ സമാനമായ അന്തരീക്ഷമാണ് സമ്മാനിക്കുന്നത്. പുറംലോകത്തേക്കുള്ള വാതിൽ തുറന്ന് ഈ കാബിൻ ഉടമയുടെ സാമൂഹ്യഇടത്തെ ഇതിലേക്ക് സന്നിവേശിപ്പി ക്കുന്നു.

**ബീസ്പോക്ക് ഓഡിയോ**

ശബ്ദത്തെ കുറിച്ച് അത്രമാത്രം ചിന്തിതരല്ലാത്തവരും സംഗീതവും വിനോദവും സുഹൃ ത്തുക്കളുമായി പങ്കിടാൻ ആഗ്രഹിക്കുന്നവർക്കുമായി റോൾസ് റോയ്സ് ഒരുക്കുന്നത് ബീ സ്പോക്ക് ഓഡിയോ സിസ്റ്റമാണ്. അതും ഡോണിനു വേണ്ടി പ്രത്യേകമായി കോൺഫിഗർ ചെയ്തത്. റോൾസ് റോയ്സിന്റെ ഓഡിയോ എഞ്ചിനീയർമാർ ഫൈൻ ട്യൂൺ ചെയ്ത ബീസ്പോർക്ക് ഓഡിയോ ഇന്നുവരെ രൂപകൽപ്പന ചെയ്തിട്ടുള്ളതിൽ ഏറ്റവും മികച്ച ഓട്ടോമോട്ടീവ് ഹൈ ഫൈ സിസ്റ്റമാണ്. അതും ഡോണിന്റെ ഇരട്ടവ്യ ക്തിത്വത്തിന് തീർത്തും അനുയോജ്യമായി.

റൂഫ് തുറന്നിരുന്നാലും അടച്ചിരുന്നാലും ബീസ്പോക്ക് ഓഡിയോ നൽകുന്നത് അത്യു ത്തമമായ അക്വസ്റ്റിക് ബാലൻസും പെർഫോമൻസുമാണ്. കാറിന്റെ രൂപകൽപ്പനയിലു ടനീളം ഓഡിയോ എഞ്ചിനീയർമാർ പങ്കാളികളായിരുന്നു. വ്യക്തിഗതമായി ട്യൂൺ ചെയ്ത തീയേറ്റർ, സ്റ്റുഡിയോ സെറ്റിങ്ങോടു കൂടിയ 16 സ്പീക്കറുകൾ നൽകുന്നത് ശുദ്ധമായ ലാർജർ താൻ ലൈവ് സെൻസേഷനാണ്. ബൂട്ടിലുള്ള രണ്ട് ബാസ് സ്പീക്ക റുകൾ കാബിനുലടനീളം സ്ഥാപിച്ചിട്ടുള്ള ഏഴ് ട്വീറ്ററുകൾക്ക് സമന്വയമാകുന്നു. പുറംശബ്ദം നിരീക്ഷിക്കാൻ സെൻസിറ്റീവ് മൈക്രോഫോണുണ്ട്. വോള്യം, ടോൺ സെറ്റിങ്ങുകൾ ക്രമീകരിച്ച് തുടർച്ചയായ മികവ് ഉറപ്പാക്കുന്നു. ഫ്രീക്വൻസി, ഫേസ് കറ ക്ഷനുകൾ വ്യക്തിഗത സ്പീക്കറുകളിൽ പുറം സ്വാധീനം മൂലം ഉണ്ടായേക്കാവുന്ന ലൗഡ്, ഡെഡ് സ്പോട്ടുകൾ ഒഴിവാക്കുന്നു.

**ഓപ്പൺ-ടോപ് മോട്ടോറിങ്ങിനുള്ള എഞ്ചിനീയറിങ്ങുമായി പുതിയ ഡോൺ**

സോഫ്റ്റ് ടോപ്പ് കാറുകളുടെ നിർമിതിയിൽ റോൾസ് റോയ്സ് ടീം കൈവരിച്ചിട്ടുള്ള തർക്കമില്ലാത്ത മുന്നേറ്റത്തിനൊപ്പം പുതിയ റോൾസ് റോയ്സ് ഡോൺ മറ്റ് നിരവധി എഞ്ചിനീയറിങ് സവിശേഷതകളും കാഴ്ച വയ്ക്കുന്നു. ഭാരം കുറയ്ക്കുമ്പോൾ തന്നെ ഹൈ ഡിഗ്രി ടോർഷണൽ റിജിഡിറ്റി നിലനിർത്തുകയെന്നതായിരുന്നു ഒരു വെല്ലുവിളി. ഇളക്കം കുറയ്ക്കാനും കാറിന്റെ ചലനാത്മകത നിലനിർത്താനും കൺവെർട്ടിബ്ൾ കാറുകളിൽ ഇത് അനിവാര്യമാണ്.

വിപുലമായ പരിശോധനകളും ഗവേഷണവുമാണ് ഇതിനായി എഞ്ചിനീയറിങ് ടീം കൈക്കൊണ്ടത്. പതിനായിരക്കണക്കിന് കിലോമീറ്ററുകൾ ദുർഘടറോഡുകളിലൂടെ താണ്ടിയാണ് സാധ്യമായ പ്രശ്നങ്ങൾ കണ്ടെത്തി വിലയിരുത്തിയത്. ഏറ്റവും കടുപ്പമേ റിയ ഫോർ സീറ്റർ കൺവെർട്ടിബ്ളിനുതകുന്ന ഷാസിയായിരുന്നു ഈ ഗവേഷണ ത്തിന്റെ ഫലം. പുതുതായി രൂപകൽപ്പന ചെയ്ത സസ്പെൻഷൻ കോൺഫിഗറേഷനാ കട്ടെ ഓപ്പൺ ടോപ്പ് മോട്ടോർ കാറിനെ സംബന്ധിച്ചിടത്തോളം ബോഡി സ്റ്റിഫ്നെസ്, മാസ് ഡിസ്ട്രിബ്യൂഷൻ എന്നിവയെ സംബോധന ചെയ്ത് ഏറ്റവും ഉദാഹത്തമായ ഡ്രൈവിങ് സുഖവും റോൾസ് റോയ്സിന്റെ മാന്ത്രികപ്പരവതാനിക്ക് സമാനമായ റൈഡും സമ്മാനിക്കുന്നു.

മുന്നിലും പിന്നിലും കുറഞ്ഞ എയ്റോഡൈനാമിക് ലിഫ്റ്റുകൾ, ലോവർ സെന്റർ ഓഫ് ഗ്രാവിറ്റി എന്നിവയും പുതുതായി രൂപകൽപ്പന ചെയ്ത എയർ സ്പ്രിങ്ങുകൾ, ആക്ടീവ് റോൾ ബാറുകളും കൈകാര്യക്ഷമത വർധിപ്പിക്കുന്നു. ഫ്ളെയേഡ് സെൻഷ്വസ് റിയർ

ഫ്ളാങ്കുകൾ സൂചിപ്പിക്കുന്ന റിയർ ട്രാക്ക് ഗോസ്റ്റിനെ അപേക്ഷിച്ച് 24 എംഎം വീതിയേറിയതാണ്. ഇത് ഡോണിന് നൽകുന്നത് ലോവർ, സ്ലീക്കർ പ്രൊഫൈലിന്റെ മെച്ചം. ഇതിനും പുറമെ കാറിന്റെ വീതിയേറിയ അരഭാഗം അതിന്റെ ആകർഷണം വർധിപ്പിക്കുക മാത്രമല്ല വിശാലമായ ഷോൾഡറുകൾ പൗരുഷഭാവത്തിനും കരുത്തിനും അടിവരയിടുക കൂടി ചെയ്യുന്നു. 180 എംഎം ഷോർട്ടർ വീൽബേസിന്റെ സഹായവും ഇതിനുണ്ട്.

**റോൾസ് റോയ്സ് ഡോൺ ഡ്രൈവിങ് അനുഭവം**
റോൾസ് റോയ്സ് മോട്ടോർ കാറിന്റെ ഹൃദയവും ആത്മാവും അതിന്റെ പ്രിയപ്പെട്ട ടിൻ ടർബോ 6.6 ലിറ്റർ വി12 പവർട്രെയിനാണ്. 5250 ആർപിഎമ്മിൽ 563 ബിഎച്ച്പി അല്ലെങ്കിൽ 420 കിലോവാട്ട് കരുത്ത്. 1500 ആർപിഎമ്മിൽ 780 എൻഎം അല്ലെങ്കിൽ 575 എൽബി എഫ്ടി ടോർക്ക്. മീഡിയം ത്രോട്ടിലിൽ ഡൈനാമിക് ആക്സിലറേറ്റർ പെഡൽ നൽകുന്ന 30% അധിക പ്രതികരണം ഈ അനുഭവത്തിന് ആധികാരികതയേകുന്നു. റോൾസ് റോയ്സിന്റേതു മാത്രമായ സ്റ്റീയറിങ് സവിശേഷതകൾ സുഗമവും കൃത്യതയാർന്നതുമായ ഡ്രൈവിങ് മാത്രമല്ല, ഉയർന്ന വേഗത്തിൽ പോലും സുരക്ഷയും ഉറപ്പാക്കുന്നു. അതും ടോപ് ഉയർന്നോ താഴ്ന്നോ ഇരുന്നാൽ തന്നെയും.

റോൾസ് റോയ്സിന്റെ ഏറ്റവും ശക്തിമത്തായ ഫുൾ ഫോർ സീറ്റ് ഡ്രോപ്ഹെഡ് മോട്ടോർ കാറാണ് പുതിയ ഡോൺ എന്നതാണ് ഇതിന്റെ ഫലം. അത്യാധുനിക എഞ്ചിനീയറിങ്ങിലൂടെ കൈവരിച്ചിരിക്കുന്നതാകട്ടെ വിപണിയിലുള്ള മറ്റ് കൺവെർട്ടിബ്ളുകളെ അപേക്ഷിച്ച് ഏറ്റവും ഇന്ധനക്ഷമതയും.

540 എംഎം (20 ഇഞ്ച്) വ്യാസത്തിലുള്ള റൺഫ്ളാറ്റ് ടയറുകളാണ് ഡോണിന് ഗ്രിപ്പ് നൽകുന്നത്. ഡിഫ്ളേറ്റഡ് ടയറിൽ പോലും ഏറ്റവും കുറഞ്ഞത് 100 മൈൽ അല്ലെങ്കിൽ 160 കിലോമീറ്റർ സഞ്ചരിക്കാൻ, അതും 50 മുതൽ 80 വരെ കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കാൻ ഇത് ഡോണിനെ പ്രാപ്തമാക്കുന്നു. പൂർണമായും ഡിഫ്ളേറ്റഡ് ആയ ടയറിൽ പോലും കാര്യമായ നിയന്ത്രണം സാധ്യമാണെന്നതാണ് മറ്റൊരു പ്രത്യേകത. 10 –സ്പോക്ക് റിമ്മുകളിലുള്ള 21" വീലുകളും ഓപ്ഷണലായി ലഭ്യമാണ്. റൺ ഫ്ളാറ്റ് ടയർ ടെക്നോളജി മൂലം സ്പെയർ വീലും ജാക്കും വേണ്ടി വരുന്നില്ല. ലഗേജ് കംപാർട്ട്മെന്റിൽ സ്ഥലലാഭം.

**ആയാസരഹിതമായ ഡ്രൈവിങ്**
ഓട്ടോമോട്ടീവ് രൂപകൽപ്പനയിലും സാങ്കേതികവിദ്യയിലും മറ്റ് റോൾസ് റോയ്സ് മോട്ടോർ കാറുകളെ പോലെ മുൻനിരയിലാണ് ഡോൺ. ഡ്രൈവർമാർക്ക് അത്യാഡംബരപൂർണവും ആയാസരഹിതവുമായ വിശ്രമസമയമാണ് ഡോൺ സമ്മാനിക്കുന്നത്. സ്പിരിറ്റ് ഓഫ് എക്സ്റ്റസി റോട്ടറി കൺട്രോളർ – മീഡിയ, നാവിഗേഷൻ ഫങ്ഷനുകൾ എളുപ്പമാക്കുന്ന സംവിധാനമാണിത്. നാവിഗേഷൻ ഇൻപുട്ട്, മീഡിയ സെർച്ചുകൾ വിരൽ സ്പർശത്താൽ മുകളിലെത്തുന്നു. പരിധിയില്ലാത്ത സ്മാർട്ട് ഫോൺ ഫങ്ഷനുകൾക്ക് സമാനമായി. സ്റ്റിയറിങ് വീലിലെ വൺ ടച്ച് കോൾ ബട്ടൺ ലളിതമായ വോയിസ് കമാൻഡുകളിലൂടെ കാർ ഫങ്ഷനുകൾ നടപ്പാക്കുന്നു. ബട്ടണുകളുടെ ആധിക്യം ഒഴിവാക്കി ഉപയോഗം ഇവ സുഗമമാക്കുന്നു. ഉദാഹരണത്തിന് നാവിഗേറ്റ് ടു സെന്റ് ട്രോപ്പസ് എന്നു കമാൻഡ് ചെയ്താൽ കാറിന്റെ സാറ്റലൈറ്റ് നാവിഗേഷൻ സംവിധാനം സാധ്യമായ എളുപ്പത്തിലുള്ള റൂട്ട് തിരഞ്ഞെടുക്കും.

ടച്ച് പാഡോടു (വിരൽപ്പാടുകൾ അവശേഷിപ്പിക്കുന്ന ടച്ച് സ്ക്രീനല്ല) കൂടിയ സ്പിരിറ്റ് ഓഫ് എക്സ്റ്റസി ടച്ച് പാഡിൽ വിരൽ കൊണ്ടെഴുതാൻ കഴിയും. ക്രോം ഡയലുകൾ


The Drive, Westhampnett, Chichester, West Sussex PO18 0SH
Telephone +44 (0)1243 384000
www.press.rolls-roycemotorcars.com

തിരിച്ചും താഴേക്ക് പ്രസ് ചെയ്തും ഫങ്ഷൻ മെനുവിലൂടെയുള്ള സ്ക്രോളിങ്ങും സാധ്യമാണ്.

ലാറ്റിൻ, അറബിക് അക്ഷരങ്ങൾക്കൊപ്പം മൻഡാരിനും തിരിച്ചറിയാൻ കഴിയുന്നതാണ് ഈ സിസ്റ്റം.

സ്മാർട്ട് ഫോൺ പ്രവർത്തനത്തിനേതിന് സമാനമായ പുൾ ആന്റ് പിഞ്ച് ഫീച്ചറുകളും റോട്ടറി കൺട്രോളറിലെ ടച്ച്പാഡിൽ സാധ്യമാണ്. ആവശ്യമുള്ള ഏരിയകൾ സ്ക്രീനിൽ തിരഞ്ഞെടുക്കാനും വലിപ്പത്തിലാക്കാനും ഇതിലൂടെ കഴിയും.

അപ്ഡേറ്റ് ചെയ്ത മൾട്ടിമീഡിയ ഇന്റർഫേസ്, നാവിഗേഷൻ സിസ്റ്റം എന്നിവ 10.25 ഹൈ ഡഫിനിഷൻ സ്ക്രീനിലാണ് ഡിസ്പ്ലെ ചെയ്തിരിക്കുന്നത്. വേഗത്തിലുള്ള റൂട്ട് നിർണയം സാധ്യമാക്കി ഹാർഡ് വെയറും സോഫ്റ്റ് വെയറും നവീകരിച്ചിരിക്കുന്നു.
വേഗം, ദൂരം എന്നിവയിലെ നിരന്തര ക്രമീകരണങ്ങൾ കുറയ്ക്കുന്നതാണ് ഓട്ടോമാറ്റിക് ക്രൂയിസ് കൺട്രോൾ സിസ്റ്റം. തുടർച്ചയായ ക്രീപ്, സ്റ്റോപ്പ്, സ്റ്റാർട്ട് ഒഴിവാക്കിക്കൊണ്ട്. സിറ്റി ട്രാഫിക്കിലൂടെ തികഞ്ഞ ആത്മവിശ്വാസത്തിലും സുഗമമായും സിസ്റ്റത്തെ ആശ്ര യിച്ച് ഡ്രൈവർക്ക് മുന്നോട്ടു പോകാം. ഉദാഹരണത്തിന് പുതിയ റോഡിലേക്കോ സ്ലിപ്പ് റോഡിലേക്കോ പ്രവേശിക്കുമ്പോൾ.

റഡാറിനും ക്യാമറയ്ക്കും വേണ്ടിയുള്ള പുതിയ സോഫ്റ്റ് വെയർ യഥാക്രമം ഫ്രണ്ട് ബമ്പർ വാലൻസിലും സെന്റർ അപ്പർ വിൻഡ് സ്ക്രീനിലുമാണ്. ഇവ വേഗത്തിലുള്ള സിസ്റ്റം പ്രതികരണം ഉറപ്പാക്കുന്നു. എമർജൻസി പ്രഷർ പ്രതീക്ഷിക്കുന്നതിനുള്ള ബ്രേക്കുകളുടെ ഫാസ്റ്റർ പ്രീ കണ്ടീഷനിങ് അടക്കം.

ഏറ്റവും മോശം സാഹചര്യമുണ്ടാകുന്ന പക്ഷം, റിയർ ഹെഡിൽ നിന്നും ഡോൺ വിന്യസിക്കുന്ന റോൾ ഓവർ പ്രൊട്ടക്ഷൻ സിസ്റ്റം നിമിഷാർധത്തിൽ പ്രവർത്തനക്ഷമാ കും. റാച്ചറ്റ് സിസ്റ്റം ഇവയെ സ്ഥിരമാക്കും. കാറിനെ മൊത്തത്തിൽ വിൻഡ് സ്ക്രീന ടക്കം പൊതിയുന്നതാണ് ഈ റോൾ ഓവർ പ്രൊട്ടക്ഷൻ സിസ്റ്റം.

**സാറ്റലൈറ്റ് എയ്ഡഡ് ട്രാൻസ്മിഷൻ**
സാറ്റലൈറ്റ് എയ്ഡഡ് ട്രാൻസ്മിഷന്റെ സഹായമുള്ളവയാണ് റോൾസ് റോയ്സ് ഡോണിന്റെ സുഗമമായ ചലനാത്മകത. വ്രെയ്തിൽ 2013ലാണ് ഈ സാങ്കേതികത ലോകത്തിലാദ്യമായി സന്നിവേശിപ്പിച്ചത്. ഡ്രൈവറുടെ കാഴ്ചയ്ക്കപ്പുറമുള്ള കാഴ്ച യ്ക്കായി ജിപിഎസ് ഡാറ്റ പ്രയോജനപ്പെടുത്തുകയാണ് ഈ സംവിധാനം. സ്ഥാന ത്തേയും ഡ്രൈവിങ് ശൈലിയെയും ആസ്പദമാക്കിയായിരിക്കും അടുത്ത നീക്കമെ ന്നർത്ഥം. ഈ വിവരങ്ങളിൽ നിന്നും ഏറ്റവും ഉചിതമായ ഗിയർ ഡോണിന്റെ 8 സ്പീഡ് ഇസഡ്എഫ് ഗിയർ ബോക്സിൽ നിന്നും തിരഞ്ഞെടുക്കുന്നു. അതുവഴി റോൾസ് റോയ്സിന്റെ 6.6 ലിറ്റർ ടിൻ ടർബോ വി12 എഞ്ചിന്റെ കരുത്ത് ഏറ്റവും മികച്ച രീതിയിൽ പ്രയോജനപ്പെടുത്താനും സുഗമവും പരിധിരഹിതവുമായ ഡ്രൈവിങ് അനു ഭവം സ്വായത്തമാക്കാനും വഴിയൊരുക്കുന്നു.

ഉദാഹരണത്തിന് കടുത്ത ഒരു വളവിലെത്തുമ്പോൾ ഏതു രീതിയിൽ ഡ്രൈവ് ചെയ്യാ നാണാഗ്രഹമെന്ന് കാർ പ്രവചിക്കുന്നു. ഡ്രൈവർ ആക്സിലറേറ്ററിൽ നിന്നും കാലു യർത്തുമ്പോൾ താഴ്ന്ന ഗിയറിലേക്ക് മാറി ആവശ്യത്തിന് പവർ ലഭ്യമാകുന്നുവെന്ന് സിസ്റ്റം ഉറപ്പു വരുത്തുന്നു. ഡോണിൽ ഇതൊരു സ്റ്റാൻഡേഡ് ഫീച്ചറാണ്.

## പ്രഭാതം മുതൽ പ്രദോഷം വരെ – വഴി കാട്ടാൻ ഇല്യൂമിനേറ്റിങ് ടെക്നോളജി

എൽഇഡി ലൈറ്റിങ് ടെക്നോളജിയുടെ ഏറ്റവും പുതിയ സവിശേഷതകൾ പുതിയ റോൾസ് റോയ്സ് ഡോണിന്റെ ഭാഗമാണ്. പ്രകാശത്തിന്റെ കൈകാര്യം അഡാപ്റ്റീവ് ടെക്നോളജിയിലൂടെ കൂടുതൽ വർധിതമാക്കുന്നു. ഇലക്ട്രോണിക് നിയന്ത്രിതമായ റിഫ്ളക്ടറുകൾ യാത്രാദിശയ്ക്കനുസൃതമായി, വീൽ തിരിവുകളോട് പ്രതികരിച്ച് തിരിഞ്ഞ് തിരിവുകളിൽ കൂടുതൽ ആഴമാർന്ന കാഴ്ച നൽകുന്നു. ശുഭ്രവും പ്രകാശമാനവുമായ വെളിച്ചം ഇരുണ്ട റോഡുകളിൽ പോലും ആയാസരഹിതവും സുരക്ഷിതവുമായ ഡ്രൈവിങ് സമ്മാനിക്കുന്നു.

ഫുൾ ബീം ഹെഡ്ലൈറ്റുകളുടെ ഓട്ടോമാറ്റിക് ഡിപ്പിങ് ടെക്നോളജിക്ക് പകരം പുതിയ ഗ്ലെയർ ഫ്രീ ടെക്നോളജിയാണ് ഡോണിൽ സ്ഥാനം പിടിച്ചിരിക്കുന്നത്. ഒരു കാർ അടുത്തുവരുമ്പോൾ ലൈറ്റിനെ ഡിഫ്ളെക്ട് ചെയ്ത് ഡ്രൈവറുടെ കണ്ണിൽ കുത്തുന്നത് ഒഴിവാക്കുന്നു. തുടർച്ചയായി ഫുൾ ബീം കാഴ്ച ഇത്തരത്തിൽ ഉറപ്പാക്കുന്നു. പകൽ സമയത്ത് ഡേ ടൈം റണ്ണിങ് ബാർ ഡോണിന്റെ ഫ്രണ്ട് ലൈറ്റ് ഗ്രാഫിക്കിന് അതിരിട്ട്, കാറിന് വ്യതിരിക്തമായ സ്വഭാവവും സുരക്ഷയും നൽകുന്നു.

രാത്രികാല ഡ്രൈവിങ് സുരക്ഷ വർധിപ്പിക്കുന്നതിനായി ഹെഡ് അപ്പ് ഡിസ്പ്ലേയും ഹീറ്റ് ഡിറ്റെക്ഷൻ സിസ്റ്റവും കാറിലുണ്ട്. മനുഷ്യനെയും മൃഗങ്ങളെയും തിരിച്ചറിഞ്ഞ് ഡ്രൈവർക്ക് അപകടമുന്നറിയിപ്പ് നൽകാൻ ഈ സംവിധാനത്തിന് കഴിയും.

### സാങ്കേതിക വിവരങ്ങൾ

**അളവുകൾ**

| | |
|---|---|
| വാഹനത്തിന്റെ നീളം | 5285mm / 17.34ft |
| വാഹനത്തിന്റെ വീതി | 1947mm / 6.39ft |
| വാഹനത്തിന്റെ ഉയരം | 1502mm / 4.93ft |
| വീൽബേസ് | 3112mm / 10.21ft |
| ടേണിങ് സർക്കിൾ | 12.7m / 41.7ft |
| ബൂട്ട് വോള്യം (ഡിൻ) | 244ltr - 295ltr / 8.6 ft3 - 10.4 ft3 |

**ഭാരം**

| | |
|---|---|
| ആളും ചരക്കുമില്ലാതെയുള്ള ഉയരം | 2560kg / 5644lb |

**എഞ്ചിൻ**

| | |
|---|---|
| എഞ്ചിൻ/സിലിണ്ടറുകൾ/വാൽവുകൾ | V / 12 / 48 |
| ഇന്ധന മാനേജ്മെന്റ് | ഡയറക്ട് ഇഞ്ചക്ഷൻ |
| പവർ ഔട്ട്പുട്ട്@എഞ്ചിൻ സ്പീഡ് | 563bhp / 420kW / 570PS @ 5250rpm |
| കൂടിയ ടോർക്ക് @ എഞ്ചിൻ സ്പീഡ് | 780Nm / 575lb ft @ 1500rpm |
| ഇന്ധനം | 10: 1 പ്രീമിയം അൺലെഡഡ് |

**പ്രകടനം**

| | |
|---|---|
| കൂടിയ സ്പീഡ് | 250kmh / 155mph (ഗവേൺഡ്) |
| ആക്സിലറേഷൻ (0–100 കിമീ/മണിക്കൂർ) | 4.9sec[2] |

Rolls-Royce Motor Cars

The Drive, Westhampnett, Chichester, West Sussex PO18 0SH
Telephone +44 (0)1243 384000
www.press.rolls-roycemotorcars.com

**ഇന്ധനോപഭോഗം**

| | |
|---|---|
| നഗരം | 21.4ltr / 100km / 13.2mpg (Imp.) |
| അതിനഗരം | 9.8ltr / 100km / 28.8mpg (Imp.) |
| സംയുക്ത ഉപയോഗശ്രേണി | 14.2ltr / 100km / 19.9mpg (Imp.) |
| കാർബൺ ഡയോക്സൈഡ് വികിരണം | 330g/km |

ഈ കണക്കുകൾ അന്തിമപരിശോധനയ്ക്ക് വിധേയം

**കൂടുതൽ വിവരങ്ങൾ**

പ്രസ് റിലീസുകളും പ്രസ് കിറ്റുകളും മാത്രമല്ല ഉന്നത റെസല്യൂഷനിലുള്ള ഡൗൺസ ലോഡ് ചെയ്യാവുന്ന ഫോട്ടോഗ്രാഫുകളും വീഡിയോ ഫുട്ടേജും ഞങ്ങളുടെ മീഡിയ വെബ്സൈറ്റായ പ്രസ് ക്ലബ്ബിൽ ലഭ്യമാണ്. ടിിറ്ററിൽ റോൾസ്– റോയ്സ് മോട്ടോർ കാറിനു വേണ്ടി പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ ടീമും.


**Press contacts:**

**Goodwood**

- **Director of Global Communications**
  Richard Carter +44 (0) 1243 384060 richard.carter@rolls-roycemotorcars.com

- **Global Corporate Communications**
  Andrew Ball +44 (0) 1243 384064 andrew.ball@rolls-roycemotorcars.com

- **Global Product Communications**
  Andrew Boyle +44 (0) 1243 384062 andrew.boyle@rolls-roycemotorcars.com

- **Global Lifestyle Communications**
  Emma Rickett +44 (0) 1243 384061 emma.rickett@rolls-roycemotorcars.com

**Regional**

- **Asia Pacific – North**
  Rosemary Mitchell +81 (0) 3 6259 8888 rosemary.mitchell@rolls-roycemotorcars.com

- **Asia Pacific - South**
  Rani Ramaya +65 6838 9753 rani.ramaya@rolls-roycemotorcars.com
  Hal Serudin +65 6838 9675 hal.serudin@rolls-roycemotorcars.com

- **China**
  Anna Xu +86 10 8455 8037 anna.xu@rolls-roycemotorcars.com

- **Europe - East**
  Frank Tiemann +49 (0) 89 382 29581 frank.tiemann@rolls-roycemotorcars.com

- **Europe - West**
  Ruth Hucklenbroich+49 (0) 89 382 60064 ruth.hucklenbroich@rolls-roycemotorcars.com

- **Middle East, Africa and Latin America**

  Jamal Al-Mawed +971 561717883 jamal.almawed@rolls-roycemotorcars.com

- **North America**

  Gerry Spahn +1 201 930 8308 gerry.spahn@rolls-roycemotorcarsna.com

- **UK and Scandinavia**

  James Warren +44 (0)1243 384578 james.i.warren@rolls-roycemotorcars.com